Mathrubhumi 17.01.18

എം.ബി. ബാബു
mbbabumb@gmail.com

ഒരു രൂപക്ക് ചീരവിത്ത് എവിടെക്കിട്ടും. നല്ല കമ്പനിയുടെ ട്രാക്ടർ എവിടെക്കിട്ടും- ഇത് കർഷകരുടെ ചോദ്യങ്ങൾ. മായമില്ലാത്ത കറിപ്പൊടികൾ എവിടെനിന്ന് വാങ്ങാനാകും. ഒറിജിനൽ കുങ്കുമപ്പൂവ് എവിടെക്കാണും- ഇത് സാധാരണക്കാരുടെ സംശയങ്ങൾ. കൃഷിയിലൂന്നിയതാണ് ഭക്ഷണസംസ്കാരം. കൃഷിയും ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാം ഇവിടെയുണ്ട്. ചെമ്പുക്കാവിലെ അഗ്രോ ഹൈപ്പർ ബസാറിൽ.

ഒരു രൂപയുടെ വിത്തുകൾ മുതൽ ലക്ഷങ്ങൾ വിലയുള്ള ട്രാക്ടർ വരെ ഒരു കൂരക്കുകീഴിൽ. കൃഷിവകുപ്പ് നേരിട്ട് നടത്തുന്ന സ്ഥാപനം. സർക്കാർ നിയന്ത്രണത്തിലുള്ള രാജ്യത്തെ ആദ്യത്തെ കാർഷിക ഹൈപ്പർ ബസാർ. പതിനായിരം ചതുരശ്ര അടിയിലുള്ള ഹൈപ്പർ ബസാറിലെ വൈവിധ്യങ്ങൾ കാണുമ്പോൾ അതിശയം തോന്നും.

അത്രയേറെയുണ്ട് ഇനങ്ങൾ. എല്ലാം കൃഷിയും ഭക്ഷണവുമായി ബന്ധപ്പെട്ടവ. സ്വകാര്യ ഹൈപ്പർ ബസാറുകളേക്കാൾ എന്തുകൊണ്ടും ഒരു പടിമുന്നിൽ. സൗകര്യങ്ങളിലും സംവിധാനങ്ങളിലും.

രണ്ട് നിലകളിലായാണ് ഹൈപ്പർ ബസാർ ഒരുക്കിയിരിക്കുന്നത്. കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വാശ്രയസംഘങ്ങളുടെ വസ്തുക്കൾ മുതൽ വൻകിട കമ്പനികളുടെ ഉത്പന്നങ്ങൾ വരെയുണ്ട്.



▶ തമിഴ്നാട്ടിൽനിന്നുള്ള ഉത്പന്നങ്ങൾ

## ജമ്മു-കാശ്മീർ

ജമ്മു-കാശ്മീരിൽനിന്നുള്ള വൈവിധ്യങ്ങളിൽനിന്ന് തുടങ്ങുന്നു ഹൈപ്പർ ബസാറിലെ ശേഖരം.

കുങ്കുമപ്പൂവ്, കാശ്മീരി അപ്പിളിൽനിന്നുള്ള മൂല്യവർധിതവസ്തുക്കൾ, ഉണക്കപ്പഴങ്ങൾ, തുടങ്ങി ഏറെ ഇനങ്ങളുണ്ട്. ആപ്പിളിൽനിന്നുണ്ടാക്കുന്ന ഏറ്റവും ഗുണമേന്മയുള്ള വിനാഗിരിക്കാണ് ആവശ്യക്കാരേറെ.

## ഹിമാചൽപ്രദേശ്

ഹിമാചൽപ്രദേശിൽനിന്നുള്ള ബ്ലാക്ക് ബെറി മുതൽ വൈവിധ്യമാർന്ന പഴങ്ങളും അവ സംസ്കരിച്ചുള്ള ഉത്പന്നങ്ങളും ഹൈപ്പർ ബസാറിൽ ഏറെയുണ്ട്. വിദേശങ്ങളിൽ ഏറെ ആവശ്യക്കാരുള്ള ഈ പഴങ്ങൾ സാധാരണ ഹൈപ്പർമാർക്കറ്റുകളിൽ അന്യമാണ്.

## കർണാടക

കർണാടകയിൽനിന്നുള്ള ചെറുധാന്യങ്ങളുടെ വൈവിധ്യമുണ്ട് ഇവിടെ. ചാമയും ഇതുകൊണ്ടുണ്ടാക്കിയ മുറുക്കിനങ്ങളും വിൽപ്പനയ്ക്കുണ്ട്. കർണാടകയിലെ മില്ലറ്റ് വില്ലേജിൽ വിളവെടുക്കുന്ന റാഗി, വറഗ്, കോഡോ തുടങ്ങിയ ധാന്യങ്ങളുമുണ്ട്.

## കൃഷിയിനങ്ങൾ

കേരളത്തിൽ വിപണിയിലുള്ള വന്യ്ര ഇനങ്ങളൊഴികെ എല്ലാംതന്നെ ഇവിടെയുണ്ട്. വിവിധയിനം മോട്ടോർ പമ്പുകൾ, കാടുവെട്ടുയന്ത്രം, പൈപ്പുകൾ, തുള്ളിനനസംവിധാനം, തൂമ്പ, ഗ്രോ ബാഗ്, ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ, കമ്പിപ്പാര, ഏലിക്കെണി, കയർ......

## ഭക്ഷ്യ ഇനങ്ങൾ

പഞ്ചസാരയും ഉപ്പുമൊഴികെയുള്ള എല്ലാ ഇനങ്ങളും ഇവിടെ അണിനിരത്തിയിട്ടുണ്ട്.

വിവിധയിനം അച്ചാർ, സ്ക്വാഷ്, അരിയിനങ്ങൾ, പച്ചക്കറി, പഴവർഗങ്ങൾ, പച്ചമീനും ഉണക്കമീനും, വിവിധയിനം ഇറച്ചികൾ, തേൻ, കുടമ്പുളി, ഉണക്കപ്പഴങ്ങൾ, പഴച്ചാറുകൾ, ജാമുകൾ, കുപ്പിവെള്ളം....

## നിത്യോപയോഗ സാധനങ്ങൾ

സോപ്പ്, കുട, കത്തി, ചവിട്ടി, മൺപാത്രങ്ങൾ, കരകൗശലവസ്തുക്കൾ, സൗന്ദര്യവർധകവസ്തുക്കൾ, പാലുത്പന്നങ്ങൾ, ബൾബ്, പൂജാസാധനങ്ങൾ, പൂച്ചട്ടി, കയറുത്പന്നങ്ങൾ, ഊഞ്ഞാൽ....

## സുഗന്ധവ്യഞ്ജനങ്ങൾ

സ്പൈസസ് ബോർഡിന്റെ എല്ലാ ഉത്പന്നങ്ങളും ഇവിടെയുണ്ടെന്നതാണ് ഏറെ വ്യത്യസ്തമാക്കുന്നത്.

ബോർഡ് കയറ്റുമതി ചെയ്യുന്ന സുഗന്ധവ്യഞ്ജന സത്തുകളും ഇവിടെയുണ്ട്. കേരളത്തിൽ ഇത്തരം വസ്തുക്കൾ ഒരു കൂരയ്ക്കുകീഴിൽ ലഭ്യമാകുന്ന വേറെയിടം ഉണ്ടാകില്ല.

സുഗന്ധവ്യഞ്ജനത്തിന്റെ മൂല്യവർധിത ഇനങ്ങളുമുണ്ട്. അവയിൽ ഉൾപ്പെടുന്ന വിവിധയിനം സോപ്പുകളുമുണ്ട്.

## മറ്റിനങ്ങൾ

വീട്ടമ്മമാരാണ് എത്തുന്നതെങ്കിൽ അവരേയും പ്രീതിപ്പെടുത്തുന്ന നിരവധി ഇനങ്ങളുണ്ട്. കൊട്ട, വട്ടി, ചൂൽ, തറ തുടയ്ക്കുന്ന മോപ്പ്, വലുതും ചെറുതുമായ പ്ലാസ്റ്റിക് പാത്രങ്ങൾ, പുൽത്തൈലം, യൂക്കാലി തൈലം തുടങ്ങി വൈവിധ്യങ്ങളുണ്ട്. കൃഷിയുമായി അടുപ്പമുള്ള വീട്ടമ്മമാരാണെങ്കിൽ അവർക്ക് ഇവിടെനിന്ന് റെഡിമെയ്ഡ് കോഴിക്കൂടുമായി മടങ്ങാം.

കുട്ടികളുമായാണ് എത്തുന്നതെങ്കിൽ മിൽമയുടെ ഐസ് ക്രീമിന്റെയും ജ്യൂസിന്റെയും വൻ ശേഖരവുമുണ്ട്.

## വിശാലമായ സംരംഭം

വിശാലമായ പാർക്കിങ്ങിനോടൊപ്പം കേന്ദ്രീകൃത എയർകണ്ടീഷനിങ് സംവിധാനത്തോടെയാണ് ഹൈപ്പർ മാർക്കറ്റ് ഒരുക്കിയിരിക്കുന്നത്. രണ്ടാം നിലയിലേക്ക് പോകാനായി ലിഫ്റ്റുമുണ്ട്.

കൃഷിവകുപ്പ് യാഥാർഥ്യമാക്കിയ ഹൈപ്പർ ബസാറിൽ ലഭ്യമാകുന്ന ഇനങ്ങൾ സർക്കാർ-അർധസർക്കാർ സംരംഭങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഇനങ്ങളാണ്. അതിനാലാണ് ഗുണമേന്മ ഉറപ്പാക്കാനാകുന്നത്.

കേരള കാർഷിക സർവകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ലക്ഷദ്വീപ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കാർഷിക ഗവേഷണ കേന്ദ്രം, കണ്ണൂരിലെ കൃഷിഫാം, എഫ്.എ.സി.ടി., കേരഫെഡ്, കുടുംബശ്രീ, കാഷ്യു ഡവലപ്മെന്റ് കോർപ്പറേഷൻ, സ്പൈസസ് ബോർഡ്, വന ഗവേഷണ കേന്ദ്രം, ഷുഗർ കെയിൻ സീഡ് ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ, മിൽമ, വി.എഫ്.പി.സി.കെ., ഓയിൽപാം ഇന്ത്യ, ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ, ഹോർട്ടികൾച്ചർ കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഇന്ത്യ, കൃഷിവിജ്ഞാൻ കേന്ദ്ര, ഔഷധി, വനശ്രീ, മെറ്റൽ ഇൻഡസ്ട്രീസ്, നാഷണൽ സീഡ് കോർപ്പറേഷൻ തുടങ്ങി 42 സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും ഇവിടെ അണിനിരത്തിയിട്ടുണ്ട്.

തൃശ്ശൂർ ചെമ്പുക്കാവിൽ മൃഗശാലയ്ക്ക് സമീപമാണ് കേരശ്രീ അഗ്രോ ഹൈപ്പർ മാർക്കറ്റ്. രാവിലെ ഒൻപതുമുതൽ എട്ടുവരെയാണ് പ്രവർത്തനം. ഞായറാഴ്ചയും പ്രവർത്തിക്കും.